ഭരണഭാഷ - മാതൃഭാഷ

നം: പി. 351/2019

ഫാം ഇൻഫർമേഷൻ ബ്യൂറോ,
കവടിയാർ പി. ഒ.,
തിരുവനന്തപുരം-3,
തീയതി : 24/02/2019.

## ക്വട്ടേഷൻ നോട്ടീസ്

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ 50-ാം വാർഷികത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന **"കൃഷി വകുപ്പിന്റെ 111 വർഷങ്ങൾ"** എന്ന പുസ്തകം തയ്യാറാക്കുന്നതിന് ഡിസൈൻ, ലേ ഔട്ട്, ആർട്ട് വർക്ക്, ഡി. റ്റി. പി. എന്നിവ (കവർ ഉൾപ്പെടെ) ചെയ്യുന്നതിന് താൽപര്യമുള്ള വ്യക്തികളിൽ നിന്ന് മുദ്ര വച്ച കവറിൽ ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ടി ക്വട്ടേഷനുകളുടെ കവറിനുമുകളിൽ **"കൃഷി വകുപ്പിന്റെ 111 വർഷങ്ങൾ ഡിസൈൻ, ലേ ഔട്ട്, ആർട്ട് വർക്ക്, ഡി. റ്റി. പി. എന്നിവ ചെയ്യുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് രേഖപ്പെടുത്തി 07/03/2019-ന് രാവിലെ 11 മണിക്കുമുമ്പായി ഈ ഓഫീസിൽ നേരിട്ടോ തപാൽ മുഖേനയോ ലഭ്യമാക്കേണ്ടതാണ്. തപാലിൽ അയക്കുന്നവ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ പി. ഒ., തിരുവനന്തപുരം എന്ന വിലാസത്തിലാണ് അയക്കേണ്ടതാണ്. ടി ക്വട്ടേഷനുകൾ അന്നേ ദിവസം രാവിലെ 11.30-ന് തുറന്ന് പരിശോധിക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ താൽക്കാലികമായി ഉറപ്പിക്കുന്നതുമായിരിക്കും. എല്ലാ നികുതികളും ഉൾപ്പെടെയുള്ള തുകയായിരിക്കും രേഖപ്പെടുത്തേണ്ടത്.

### നിബന്ധനകൾ

1) ബുക്കിന്റെ പേജ് നമ്പർ 200 മുതൽ 250 വരെ.
2) ഡി. റ്റി. പി, ലേ ഔട്ട്, ഡിസൈൻ, ആർട്ട് വർക്ക് ഉൾപ്പെടെ ഒരു പേജിന് കണക്കായിയുള്ള നിരക്ക് കാണിക്കേണ്ടതാണ്.
3) ഡി. റ്റി. പി, ലേ ഔട്ട്, ഡിസൈൻ, ആർട്ട് വർക്ക് എന്നിവ ഉൾപ്പെടെ ഏറ്റവും കുറഞ്ഞ നിരക്ക് ഉള്ള ക്വട്ടേഷനായിരിക്കും സ്വീകരിക്കുന്നത്.
4) പേപ്പർ സൈസ് - A4 - 21x28 cm.
5) ക്വട്ടേഷൻ ഈ ബുക്ക് തയ്യാറാക്കുന്നതിന് മാത്രമായിരിക്കും.

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ

FARM INFORMATION BUREAU KOWDIAR P.O. THIRUVANANTHAPURAM-695 003

Principal Information Officer
Farm Information Bureau
Kowdiar, Thiruvananthapuram-695 003

പകർപ്പ്:-

1) *നോട്ടീസ് ബോർഡ്*
2) *സ്റ്റോക്ക് ഫയൽ/സ്പെയർ*